KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
Dated : 29/ 05/ 2018

# KSEB യുടെ പേരിൽ കരമണ്ണ് കടത്ത് :പ്രതികൾ അറസ്റ്റിൽ

KSEB യുടെ കായംകുളം 110 KV സബ്ബ് സ്റ്റേഷനിൽ കോമ്പൗണ്ട് വാൾ നിർമ്മാണത്തിന് എന്ന് കാണിച്ച് Mining and Geology യുടെ പെർമിറ്റ് വ്യാജമായി നിർമ്മിച്ച് കരമണ്ണ് കടത്തിയ കേസ്സിലെ നാല് പ്രതികൾ അറസ്റ്റിലായി. പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ് നിലവിൽ അന്വേഷിക്കുന്നത് കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസി .കമ്മീഷണറായ എ.അശോകൻ ആണ്. KSEB യുടെ പേരിലുള്ള വ്യാജ വർക്ക് ഓഡറിന്റെ പിൻബലത്തിൽ Mining and Geology യുടെ ഉദ്യോഗസ്ഥരും കരമണ്ണ് ഏജന്റ്മാരായ മറ്റ് പ്രതികളും ചേർന്ന് ഗൂഢാലോചന നടത്തിയാണ് KSEB യുടെ പേരിൽ കായംകുളം ഭാഗത്തേയ്ക്ക് ടിപ്പർ ലോറികളിൽ കരമണ്ണ് കടത്തി ലക്ഷക്കണക്കിന് രൂപ അനധികൃതമായി സമ്പാദിച്ചത്. വർക്കല , കുടവൂർ സ്വദേശിനിയും മൈനറുമായ പെൺകുട്ടിയുടെ പേരിൽ വിവിധ ഓഫീസുകളിൽ വ്യാജമായി അപേക്ഷകൾ നൽകിയാണ് പ്രതികൾ മൈനിങ്ങ് പെർമിറ്റ് സംമ്പാദിച്ചത്. പാസ്സിൽ കായംകുളം KSEB യുടെ 110 KV സബ്ബ് സ്റ്റേഷന്റെ കോംമ്പൗണ്ട് വാൾ നിർമ്മാണത്തിന് എന്ന് കളവായി രേഖപ്പെടുത്തിയാണ് മണ്ണ് കടത്തിക്കൊണ്ടിരുന്നത്. അപ്രകാരം മണ്ണ് കടത്തിവരവേയാണ് 14.01.2017-ാം തീയതി പാരിപ്പള്ളിയിൽ വച്ച് ടിപ്പർ ലോറികൾ പോലീസ് പിടിയിലാകുന്നത്. ജിയോളജി പെർമിറ്റ് വ്യാജമായി അനുവദിച്ചതിൽ തിരുവനന്തപുരം ജില്ലാ ജിയോളജി ഓഫീസിലെ ജില്ലാ ജിയോളജിസ്റ്റും മറ്റ് ജിയോളജി ഉദ്യോഗസ്ഥരും ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടതിനെ തുടർന്ന് തിരുവനന്തപുരം ജില്ലാ ജിയോളജി ഓഫീസിൽ പരിശോധന നടത്തി സമാന രീതിയിലുള്ള പെർമ്മിറ്റുകൾ നൽകിയ നിരവധി ഫയലുകൾ പിടിച്ചെടുത്തിരുന്നു. ഈ കേസ്സിലെ പ്രതിയായ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റും മറ്റ് ഉദ്യോഗസ്ഥരും സംഭവത്തിന് ശേഷം ഒളിവിൽ ആണ്. മിനറൽ റവന്യൂ ഇൻസ്പെക്ടർ ആയ ഷോണിയെ മുമ്പ് അറസ്റ്റ് ചെയ്തിരുന്നു. ജിയോളജി ഉദ്യോഗസ്ഥരുമായി ചേർന്ന് വ്യാജരേഖ ഉപയോഗിച്ച് മണ്ണ് കടത്തിയ കേസ്സിലെ പ്രതികളായ തിരുവനന്തപുരം കൊല്ലം ജില്ലകളിലെ പ്രമുഖരായ കരമണ്ണ് ഏജന്റ്മാരെയാണ് ഇപ്പോൾ അറസ്റ്റ് ചെയ്തിരിക്കുന്നത്.

1) ചടയമംഗലം വില്ലേജിൽ കലയം കുരിയോട് കാഷ്യൂകമ്പനിയ്ക്ക് സമീപം ചരുവിള പുത്തൻ വീട്ടിൽ ശിവദാസ് മകൻ ഗിരീഷ് വയസ് 34.

2) തിരുവനന്തപുരം പാങ്ങോട് വില്ലേജിൽ ആനാകുടി ഐരൂർ നടക്കരികത്ത് സജ്നാ മൻസിൽ മുഹമ്മദ് ബഷീർ മകൻ സജിർ വയസ് 36

3) കുളത്തൂപ്പുഴ വില്ലേജിൽ ചോഴിയക്കോട് ഡി.എൻ കോൺവെന്റിന് സമീപം ഓമനവിലാസത്തിൽ ശശിധരൻ മകൻ റോമിയോ വയസ് 38

4) ടി വീട്ടിൽ റോബിൻ വയസ് 34

എന്നിവരാണ് ഇപ്പോൾ അറസ്റ്റിൽ ആയത്. ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ച പ്രതികൾക്ക് ജാമ്യം ലഭിക്കാത്തതിനാൽ നാളുകളായി ഒളിവിൽ ആയിരുന്നു. ആറ്റിങ്ങലിനടുത്തുള്ള ഒരു ഫ്ളാറ്റിൽ ഒളിവിൽ താമസിക്കുന്നതിനിടയിലാണ് പ്രതികൾ പിടിയിൽ ആയത്. ഒളിവിലുള്ള മറ്റ് പ്രതികൾക്കായിട്ടുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണറായ എ.അശോകൻ എസ്.ഐമാരായ എച്ച്.മുഹമ്മദ് ഖാൻ, ധനപാലൻ, ബാലചന്ദ്രൻ, എ.എസ്.ഐ ഷാനവാസ്, സിപിഒ പ്രേംകുമാർ എന്നിവർ അടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്